(സി) ഏതെല്ലാം പുതിയ വികസന പദ്ധതികളാണ് കെ. എസ്. എഫ്. ഡി. സി. തയ്യാറാക്കിയിരിക്കുന്നത്; ഈ പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ. എസ്. എഫ്. ഡി. സി.-ക്ക് ഇപ്പോൾ എത്ര തിയേറ്ററുകൾ ഉണ്ട്; ഇവയുടെ പ്രവർത്തനം ലാഭത്തിലാണോ; തിയേറ്ററുകളുടെ കഴിഞ്ഞ വർഷത്തെ ലാഭം/നഷ്ടം എത്ര;

(ഇ) ഏതെങ്കിലും തിയേറ്ററുകൾ കൈമാറ്റം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) ഉണ്ട്.

(ബി) സിനിമാ ചിത്രീകരണത്തിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള തീം പാർക്കിന്റെ നിർമ്മാണത്തിനും നടത്തിപ്പിനും സ്വകാര്യ പങ്കാളിത്തം ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പൊതുവായ നവീകരണമാണ് കെ. എസ്. എഫ്. ഡി. സി. പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ സ്വകാര്യ പങ്കാളിത്തം നൽകുന്ന കാര്യം പരിഗണനയിലില്ല.

(ഡി) കെ. എസ്. എഫ്. ഡി. സി.-ക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൊത്തം പത്ത് തിയേറ്ററുകൾ ഉണ്ട്. കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്ന കൈരളി-ശ്രീ തീയേറ്ററുകൾ പൊതുവെ ലാഭത്തിലാണ്. കഴിഞ്ഞ വർഷത്തെ ലാഭം/നഷ്ടം താഴെ കൊടുത്തിരിക്കുന്നു.

കൈരളി—ശ്രീ, തിരുവനന്തപുരം പ്രവർത്തന ലാഭം— 3,54,723.20
കൈരളി—ശ്രീ, തൃശ്ശൂർ, പ്രവർത്തന ലാഭം— 4766538.62
കൈരളി—ശ്രീ, കോഴിക്കോട്, പ്രവർത്തന ലാഭം— 63,83,650.65
ചിത്രാഞ്ജലി, ചേർത്തല, പ്രവർത്തന ലാഭം— 7,77,232.01
കലാഭവൻ, തിരുവനന്തപുരം, നഷ്ടം— 8,89,490.81
ചിത്രാഞ്ജലി, വടക്കൻ പരവൂർ, നഷ്ടം— 56,989.03
ചിത്രാഞ്ജലി, ചിറ്റൂർ, നഷ്ടം— 17,445.58

(ഇ) വടക്കൻ പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിലുള്ള തീയേറ്ററുകൾ കൈമാറ്റം ചെയ്യാൻ തീരുമാനിച്ചിരുന്നു.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ നികുതി വർദ്ധനവ്

*19[287] *ശ്രീ. കെ. മോഹൻ കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഷ്ടിക, മണൽ, പാറ, കരിങ്കല്ല് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് നിലവിലുള്ള നികുതി എത്ര ശതമാനമാണെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇറയ്ക്ക് 2005 ഏപ്രിലിനു മുൻപ് നികുതി നിരക്കെത്രയായിരുന്നു;

(സി) ദക്ഷിണ ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിൽ ഈയിനം നിർമ്മാണ വസ്തുക്കൾക്ക് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ;

(ഇ) പുതുതായി ഏർപ്പെടുത്തപ്പെട്ട നികുതിഭാരം സംബന്ധിച്ച് കരാറുകാരുടെ സംഘടന നൽകിയ നിവേദനത്തിൽ തീരുമാനമായിട്ടുണ്ടോ;

(എഫ്) അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന നികുതി വർദ്ധന പുനഃപരിശോധിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) ഈ വസ്തുക്കളുടെ നികുതി നിരക്ക് മൂല്യവർദ്ധിത നികുതി പ്രകാരം ചുവടെ കൊടുത്തിരിക്കുന്നു:

1. ഇഷ്ടിക .. 4 ശതമാനം
2. മണൽ .. 4 ശതമാനം
3. പാറ .. 4 ശതമാനം
4. കരിങ്കല്ല് .. 4 ശതമാനം

(ബി) 2005 ഏപ്രിൽ മാസത്തിനു മുൻപ് നിലവിലുണ്ടായിരുന്ന നികുതി നിരക്ക് ചുവടെ കാണിച്ചിരിക്കുന്ന പ്രകാരമായിരുന്നു:

1. ഇഷ്ടിക .. 4 ശതമാനം
2. മണൽ .. 4 ശതമാനം
3. പാറ .. 8 ശതമാനം
4. കരിങ്കല്ല് .. 8 ശതമാനം

(സി) & (ഡി) ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഇഷ്ടികയ്ക്ക് 4 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്ടിൽ മണലിനും കരിങ്കല്ലിനും നാലു ശതമാനമാണ് നികുതി. ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ മണൽ, പാറ, കരിങ്കല്ല് എന്നിവ 4% നിരക്കിലോ, ഒഴിവാക്കപ്പെട്ട പട്ടികയിലോ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) മൂല്യവർദ്ധിത നികുതി പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത് ഈ നിയമം നടപ്പാക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള കേന്ദ്ര ഉന്നതാധികാര സമിതിയുടെ ശുപാർശ പ്രകാരമുള്ള ഏകീകൃത നിരക്കിലാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള നികുതി വർദ്ധനവ് നടപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly